(സി) മുനിസിപ്പാലിറ്റിയുടെ വിഹിതത്തിൽ എത്ര തുകയുടെ നിർമ്മാണം നടന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്രസർക്കാർ എന്ത് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാന സർക്കാരിന്റെ വിഹിതം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) കേന്ദ്രസർക്കാർ അനുവദിച്ച തുക നിർമ്മാണം നടത്താനായി നൽകിയോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ;

(ജി) തടസ്സം നീക്കി തുക അനുവദിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 44.85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 18 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ 50 ശതമാനം (9 ലക്ഷം രൂപ) കേന്ദ്ര വിഹിതവും 50 ശതമാനം (9 ലക്ഷം രൂപ) സംസ്ഥാന വിഹിതവും ആയിരിക്കും. ഇതിനുപരിയായി വേണ്ട തുക സ്പോൺസറുടെ (മുനിസിപ്പാലിറ്റി) വിഹിതവും ആയിരിക്കും.

(സി) മുനിസിപ്പാലിറ്റിയുടെ വിഹിതത്തിൽ നിന്നും 14,52,516 (പതിനാലു ലക്ഷത്തി അമ്പത്തിരണ്ടായിരത്തി അഞ്ഞൂറ്റിപ്പതിനാറ് രൂപ) രൂപയുടെ നിർമ്മാണം നടന്നിട്ടുണ്ട്.

(ഡി) 9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

(എഫ് ആന്റ് ജി) കേന്ദ്രവിഹിതമായി അനുവദിച്ച 9 ലക്ഷം രൂപ മുനിസിപ്പാലിറ്റിക്ക് അനുവദിച്ചു നൽകുന്നതിന് ബഡ്ജറ്റ് വിഹിതം ലഭ്യമല്ലാത്ത സ്ഥിതിക്ക് ഈ തുക അധിക തുകയായി ആതറൈസ് ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. തുക കാലതാമസം കൂടാതെ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സ്പോർട്ട്സ് കൗൺസിലിനു കീഴിലെ വിവിധ അസോസിയേഷനുകൾക്ക് നൽകാനുള്ള തുക

125 [3868] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്ട്സ് കൗൺസിലിന്റെ കീഴിലുള്ള വിവിധ അസോസിയേഷനുകൾക്ക് ചെലവായ തുകകൾ കൊടുക്കുവാനുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം അസോസിയേഷനുകൾക്ക് എന്നുമുതലുള്ള എത്ര തുക വീതം എന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്കൂൾ തലത്തിലുള്ള സ്പോർട്ട്സ് താരങ്ങൾക്ക് 1978 മുതൽ നൽകി വന്നിരുന്ന ഗ്രേസ്മാർക്ക് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്ത മാക്കാമോ;

(ഇ) ഗ്രേസ് മാർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) കേരളാ ടേബിൾ ടെന്നീസ് അസോസിയേഷന് കേരളാ സ്പോർട്ട്സ് കൗൺസിലിൽ നിന്ന് നൽകാനുള്ള കുടിശ്ശിക തുക എത്രയുണ്ടെന്ന് വിശദീകരിക്കുമോ;

(ജി) പ്രസ്തുത തുക അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) വിവിധ മേഖലകളിൽ കേരളത്തെ പ്രതിനിധീകരിക്കുകയും നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്ന കായിക താരങ്ങൾക്കുള്ള സ്കോളർഷിപ്പ് തുക ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ ഗ്രാന്റ് ഇൻ എയ്ഡ് നിയമത്തിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചിട്ടുള്ള ഒരു അസോസിയേഷനും ധനസഹായം വിതരണം ചെയ്യാനില്ല.

(ബി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി ആന്റ് ഇ) ജി.ഒ.(പി) 53/2004/പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഉത്തര വിന്റെ തീയതി 2-4-2004 പ്രകാരം 2005-ലെ എസ്.എസ്.എൽ.സി. പരീക്ഷ മുതൽ ഗ്രേഡിംഗ് സമ്പ്രദായം ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിപ്പിച്ചതിനാൽ ഗ്രേഡിംഗ് നിലവിൽ വരുന്നതോടെ ഗ്രേസ് മാർക്ക് ഇല്ലാതാകുന്നതാണ്. എന്നാൽ പാർട്ട് 2-ലെ വിഷയങ്ങളിൽ ഒരു നിശ്ചിത ശതമാനം വെയിറ്റേജ് തുടർ പഠനത്തിന്റെ അഡ്മിഷൻ സമയത്ത് നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(എഫ് ആന്റ് ജി) കേരള സ്പോർട്ട്സ് കൗൺസിലിൽ ഗ്രാന്റ് ഇൻ എയ്ഡ് നിയമത്തിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ച് കേരളാ ടേബിൾ ടെന്നീസ് അസോസിയേഷൻ സമർപ്പിച്ച അപേക്ഷകൾക്ക് കുടിശ്ശിക ഒന്നും നൽകാനില്ല.

(എച്ച്) സ്കോളർഷിപ്പ് തുക ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly